

# പടവുകൾ



ചപ്പാരപ്പടവ ഹയർസെക്കന്ററി സ്കൂൾ

**ഡിജിറ്റൽ മാഗസിൻ**

# പടവുകൾ

**ഡിജിറ്റൽ മാഗസിൻ**

**ചപ്പാരപ്പടവ് ഹയർസെക്കന്ററി സ്കൂൾ**

**ലിറ്റിൽ കൈറ്റ്സ്**

**2018-19**

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | : ശ്രീമതി. ജ്യോൽസന. കെ( ഹെഡ് മിസ്ട്രസ്സ് ) |
| സ്റ്റാഫ് എഡിറ്റർ | : സനിൽ കുമാർ. കെ( കൈറ്റ് മാസ്റ്റർ ) |
| സ്റ്റുഡന്റ് എഡിറ്റർ | : അഫ്സൽ. പി |
| സ്റ്റുഡന്റ് സബ് എഡിറ്റർ | : ആയിഷാബി. കെ വി |
| | ഫാത്തിമ. ഒ |
| | അശ്വിൻ. ടി |
| കവർ പേജ് | : നവീൻ. പി പി |
| | നവനീത്. പി പി |
| സാങ്കേതിക സഹായം | : പി. വിനോദ് മാസ്റ്റർ ( SITC ) |
| | കെ സി. സരോജിനി ടീച്ചർ |
| | കെ. ജ്യോതിലക്ഷ്മി ടീച്ചർ ( കൈറ്റ് മിസ്ട്രസ്സ് ) |
| | സലിത. കെ |



**ശ്രീമതി : ജ്യോൽസന .കെ. (ഹെഡ്മിസ്ട്രസ്)**

## ആമുഖം

ഏറെക്കാലമായി മനസ്സിന്റെ അകത്തളത്തിൽ താലോലിച്ചിരിക്കുന്ന സ്വപ്നമായിരുന്നു ഒരു ഇ-മാഗസിൻ തയ്യാറാക്കുക എന്നത്. ലിറ്റിൽ കൈറ്റ്സ് അതിനൊരു നിമിത്തമായി എന്നത് സന്തോഷം നൽകുന്നു. ഹൈടെക്ക് സാങ്കേതികവിദ്യ കേരളത്തിലെ വിദ്യാലയങ്ങളിൽ നിലവിൽ വന്നതോടെ കുട്ടികളുടെ സ്വപ്നങ്ങൾക്ക് നിറം നൽകാൻ സാധിക്കുന്നുണ്ട്. അതിരില്ലാത്ത ആകാശത്തോളം വളർന്ന ഭാവനയാണ് ആധുനിക തലമുറയുടേത്.അതിന്റെ ഒരു ഭാഗമായി ഇന്ന് സ്കൂൾവിദ്യാർത്ഥികളുംമാറിയിരിക്കുന്നു.അറിവ്സ്വയം ആർജ്ജിക്കേണ്ടതാണെന്ന തിരിച്ചറിവിലേക്ക് കുട്ടികൾ എത്തുന്നു എന്നത് സ്വാഗതാർഹമാണ്. ഹൈടെക്ക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ വിദ്യാധിഷ്ഠിതമാകുമ്പോൾ അറിവിന്റെ നിർമ്മിതിയിൽ കുട്ടികളും പങ്കാളികളാകുന്നു. സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കാൻ ലിറ്റിൽ കൈറ്റ്സ് സഹായിക്കുന്നു. കുട്ടികൾക്ക് വിവര വിനിമയ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് നേടിയെടുക്കാൻ ഇത് സഹായകമാകുന്നു. സാങ്കേതിക വിദ്യയുടെയും നിത്യജീവിതത്തിന്റെയും സമസ്ത തലങ്ങളിലേക്കും നമ്മുടെ ഭാഷയെ കൈപിടിച്ച് നടത്തിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ പ്രാദേശിക ഭാഷയിൽ കുട്ടികൾ അവബോധം നേടുകയുള്ളൂ. ചപ്പാരപ്പടവ ഹയർസെക്കന്ററി വിദ്യാലയത്തിലെ 'കുട്ടിക്കൂട്ട'ത്തിന്റെ ഈ പ്രഥമ സംരംഭത്തിന് എല്ലാവിധ ആശിസ്സുകളും നൽകുമല്ലോ.

***ചീഫ്എഡിറ്റർ***



**ഡോ: എം.പി. അസൈനാർ**

**( മാനേജർ, എം എ എച്ച് ട്രസ്റ്റ് ,ചപ്പാരപ്പടവ് )**

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആയതോടെ അധ്യാപകരും കുട്ടികളും ഡിജിറ്റൽ ആയി. വിദ്യാലയത്തിലെ ഐ ടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിന്റ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

# ചപ്പാരപ്പടവ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ





## ഉള്ളടക്കം

മകൾ..........................................................................................5
തെരുവിലെ സ്നേഹം..............................................................................8
ഐഡന്റിറ്റി കാർഡ് വിതരണം............................................................9
പൂക്കാലം.....................................................................................10
പുതിയ അദ്ധ്യയന വർഷം 2018-19.....................................................11
മോഹക്കുരുവികൾ.......................................................................12
ഏകദിന ക്യാമ്പ്............................................................................14
പട്ടം............................................................................................15
ജന്മവിജയികൾ.............................................................................17
ജൂൺ 19 വായനാദിനം....................................................................18
ഭൂമിയുടെ തിരിച്ചടി.......................................................................19
അറിഞ്ഞിരുന്നില്ല ഞാൻ കഥ.......................................................20
കരയാത്ത പ്രകൃതിയെ തേടി...........................................................24
കണ്ണീർ കിഴി................................................................................26
പ്രളയം അഞ്ജന.സി.സി .8c.............................................................32
സ്നോവൈറ്റും ഏഴ് കുള്ളൻമാരും.....................................................34
ഘർവാപസി..................................................................................36
പാതി വഴിയിൽ.............................................................................41

# മകൾ



കവിത

സരോജിനി കെ.സി -ടീച്ചർ

മാന്യനാം പതിക്കൊപ്പം മണിമാളിക തന്നിൽ
കഴിയും മകളുടെ സുഖമന്വേഷിക്കാനായ്
ദൂരയാത്രയും കഴിഞ്ഞെത്തിയതാണാ വൃദ്ധൻ
മാതാവിൻ കരുതലും സ്നേഹവുമയാൾക്കൊപ്പ-
മിത്തിരിപ്പലഹാര രൂപത്തിലെത്തിയല്ലോ
വിരലൊന്നമർത്തിയാലകത്തുമുഴങ്ങുന്ന
അത്ഭുത സ്വനമണി കണ്ടതേയില്ലപ്പാവം
തൊണ്ട പൊട്ടുമാറയാൾ വിളിച്ചു പലവട്ടം
കൽക്കണ്ടക്കനിയായ മകളെപ്പേരു ചൊല്ലി
ശൗര്യത്താൽ പുറത്തേക്ക് ചാടുവാൻ വെമ്പിക്കൊണ്ട്
കൂടിനെ വിറപ്പിക്കും ശ്വാനന്മാരെന്ത് ചെയ്യും?
'കൊച്ചമ്മേയാരി'തെന്ന ചോദ്യങ്ങൾ വരും മുമ്പേ-
യകത്തു മുഴങ്ങുന്ന ആജ്ഞതൻ പെരുമഴ
'പിടിച്ചു പുറത്താക്കി ഗേറ്റടച്ചോളൂ വേഗം'
*      *      *      *      *      *      *      *      *      *



വിറയ്ക്കും കരങ്ങളാൽ പതുക്കെ വടിയൂന്നി
പ്രളയം പുറപ്പെടാൻ വെമ്പുന്ന നേത്രം ചിമ്മി
ഇരുന്നു വഴിയോരത്തിത്തിരി വെള്ളത്തിനായ്
നോക്കിയില്ലാരും തന്നെ പാവമാ പിതാവിനെ
നിമിഷം മണിക്കൂറായ് നീങ്ങിയ നേരത്തിതാ
ചുണ്ടുകൾ നനയുന്നു ശിരസ്സിൽ തുവൽ സ്പർശം

കൺകളിൽ ചിരിയുമായരികത്തിരിക്കുന്നു
ഒരു പെൺതയ്യലിവൾ സ്നേഹത്തിന്നാൾ രൂപമോ?
അവളെച്ചേർത്തുനിർത്തി മൂർദ്ധാവിൽ മുകർന്നുകൊ-
ണ്ടാശിസ്സു നേർന്നു പിന്നെ തുടർന്നു വൃദ്ധൻ യാത്ര

വഴിയോരത്തേത്തുണിക്കടയിൽ കേറീ പിന്നെ
ഇത്തിരിത്തുണിവാങ്ങി കക്ഷത്തിൽ വച്ചൂ പാവം
വീട്ടിലേക്കിനിയത്ര ദൂരമില്ലെന്നാകിലും
ലക്ഷ്യത്തിലെത്തിച്ചേരാൻ കാലുകൾ കുതിക്കുന്നു
വഴിക്കണ്ണുമായ് നിൽക്കും ഭാര്യയെ കണ്ടപാടേ
പുഞ്ചിരിയോടേ പൊതി കൈമാറീ തിടുക്കത്തിൽ
എന്തിതെന്നുള്ള നോട്ടം കണ്ടപാടോതീ വൃദ്ധൻ
പൊന്നുമോളമ്മയ്ക്കായി തന്നതാണീ സമ്മാനം
സുഖമായിരിക്കുന്നു മകളും മരുമോനും
തിരക്കു കഴിഞ്ഞിട്ടേയിങ്ങോട്ട് യാത്രയുള്ളൂ
ഈയൊരു വാർത്തകേൾക്കെതായതൻ കണ്ണിൽ നിന്നും
അശ്രുക്കൾ പൊഴിഞ്ഞല്ലോ ആനന്ദമത്യാനന്ദം
ഒപ്പമേ നിറയുന്ന താതന്റെ മിഴികളും
**അവിടെ തിരതല്ലും ഭാവത്തിനർഥമെന്തോ?**






**ലിറ്റിൽ കൈറ്റ്സ് സൈൻ ബോർഡ്**



# തെരുവിലെ സ്നേഹം



*അഫ്‌ല.കെ പി*

ഒരിക്കൽ ഒരു തെരുവിൽ ,വിശന്ന് വലഞ്ഞ് ഉടുതുണിക്ക് മറുതുണിയില്ലാതെ ഒരു ഒൻപതു കാരൻ ഉണ്ടായിരുന്നു. കിരൺ എന്ന് അവൻ തന്നെ അവനെ വിശേഷിപ്പിക്കുന്നു.ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി അവൻ പലജോലിയുംചെയ്തു വന്നു.അങ്ങനെയിരിക്കെ ഒരു ഹോട്ടലിൽ ജോലി ചെയ്തു വരികയായിരുന്നു അവൻ. ക്വറിൻ എന്ന പേരിലുള്ള ഒരാൾ ആയിരുന്നു അതിന്റെ ഉടമസ്ഥൻ. അയാൾ അവനെ വല്ലാതെ ഉപദ്രവിക്കും. തിന്നാൻ പോലും മര്യാദയ്ക്ക് കൊടുക്കില്ല. അങ്ങനെ അവൻ സഹിക്കാൻ പറ്റാതെ അവിടെ നിന്ന് വിട്ടു. ഒരിക്കൽ വഴിയരികിൽ ഇരിക്കുമ്പോൾ കിരണിന്റെ അതേ പ്രായമുള്ള ഒരു കുട്ടിയും അവന്റെ അച്ഛനും ഷോപ്പിംഗ് കഴിഞ്ഞ് വരുന്നുണ്ടായിരുന്നു. കിരൺ "വിശക്കുന്നു ചേട്ടാ ...എന്തെങ്കിലും താ....." എന്നു പറഞ്ഞു. അവർ തിരിഞ്ഞുനോക്കാതെ പോയി. അങ്ങനെയിരിക്കെ അയാളുടെ പേഴ്സ് എവിടെയൊ വീണു. കിരൺ അതെടുത്ത് തുറന്നു പോലും നോക്കാതെ അത് അയാൾക്ക് തിരികെ കൊടുത്തു. അയാൾ തുറന്നു നോക്കി. എല്ലാം അതുപോലെത്തന്നെയുണ്ട്. ശേഷം അയാൾ അതിൽ നിന്ന് ഒരു നൂറു രൂപ എടുത്തു നീട്ടുമ്പോഴേക്കും കിരൺ നടന്നു നീങ്ങി. ഒരു ദിവസത്തിന് ശേഷം രണ്ടുമൂന്ന് സാമൂഹ്യവിരുദ്ധന്മാർ കിരണിന് നേരേ ഓടി നീങ്ങി. കിരൺ പേടിച്ച് കരഞ്ഞുകൊണ്ട് ഓടി. അങ്ങനെയിരിക്കെ ആ അച്ഛനും മകനും ആ കാഴ്ച്ച കണ്ടു. വേഗം തന്നെ ആ അച്ഛൻ കിരണിനെ മാറോട് ചേർത്തു പിടിച്ചു. അപ്പോൾ ആ ക്രൂരന്മാർ വേഗം തന്നെ സ്ഥലം കാലിയാക്കി. അദ്ദേഹം കിരണിനെ തന്റെ മകന് കൂട്ടായി ഒരു ഇരട്ടസഹോദരൻ എന്ന നിലയിൽ വീട്ടിലേക്ക് കൂടെ കൊണ്ടുപോവുകയും ചെയ്തു......

## ഐഡന്റിറ്റി കാർഡ്  വിതരണം

**ചപ്പാരപ്പടവ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ് വിതരണം മദർ പി.ടി.എ പ്രസിഡന്റ് ശ്രീമതി. നസീറ. പി നിർവഹിച്ചു. ചടങ്ങിൽ എം ശങ്കരനാരായണൻമാസ്റ്റർ, വിനോദ് മാസ്റ്റർ എന്നിവർ പങ്കെടുത്തു.**





# പൂക്കാലം

പൂക്കൾ നിറഞ്ഞൊരെൻ മനസ്സിന്റെ പൂക്കാലം
വിരിയുന്ന വീണ്ടും ശോഭയോടെ...
കാണാത്ത ലോകത്തിൻ കൗതുക കാഴ്ചകൾ
മാടിവിളിക്കുന്നു, എന്നെ വീണ്ടും
പൂവായി ശലഭമായ് സുഗന്ധം പരത്തുന്ന
പൂക്കാലം വന്നെത്തി എന്റെ ഉള്ളിൽ
തേൻ നുകരനായി വീണ്ടുമെത്തുന്ന
പൂമ്പാറ്റയെ ഒന്നു കണ്ടാൽ മതി
ഉള്ളം നിറയുമെൻ സങ്കടങ്ങൾ മായും
നാമിട്ടും പേരതിൻ നന്മയാം പൂക്കാലം
വസന്തങ്ങൾ വന്നിട്ടുമൊളിച്ചിമ്മും കാരണമെന്താണ്?
അവയുടെ നന്മയൊ നമ്മുടെ നന്മയോ
പൂക്കൾ വിരിയുന്ന നുകരുന്ന പൂമ്പാറ്റ
തേനാണത് സ്നേഹമമൃതാണത്
ജീവന്റെ പൂക്കാലം
മറയുകില്ലൊരു നാളും........



-അശ്വതി എലിസബത്ത് 7 D

***********

## പുതിയ അദ്ധ്യയന വർഷം 2018-19

2018-19 അധ്യയന വർഷം ആരംഭിച്ചത് ജ്ഞൂൺ ഒന്നിന ചേർന്ന സ്കൂൾ അസംബ്ളിയോടെയാണ്. എസ് .എസ്.എൽസി,പ്ലസ്2, 5 മുതൽ 9 വരെയുള്ള മികച്ച വിജയം നേടിയ കുട്ടികൾക്ക് മൊമന്റവും കേഷ് അവാർഡുകളും വിതരണം ചെയ്യുകയുണ്ടായി. ചടങ്ങിൽ പി.ടി.എ പ്രതിനിധികൾ,വാർഡ് മെമ്പർമാർ ,രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

### സ്കൂൾ റീ –ഓപ്പണിങ്ങ് ഡേ



# മോഹക്കുരുവികൾ



ഒ. എം. ഷമീമ ബീവി
(അധ്യാപിക)

കഥ

ബാഗും കുടയും മേശപ്പുറത്ത് വെച്ച് അവൾ നേരെ അടുക്കളയിലേക്ക് നടന്നു. അമ്മുവേട്ടത്തി വച്ച് നീട്ടിയ ജീരകവെള്ളം മതിയാവോളം കുടിച്ചു.ഹൊ! എന്തൊരു ക്ഷീണം. ഓടിനടന്ന് ഓരോന്നും ചെയ്ത് തീർത്തപ്പോൾ സമയം പോയതറിഞ്ഞില്ല. സർക്കാർ പുതുസംരംഭർക്കായി വിതരണം ചെയ്ത വെബ്സൈറ്റുകളുടെ മേഖലാ-തല ഉദ്ഘാടനമായിരുന്നു ഇന്ന്. സ്കൂളിൽ പഠിക്കുന്ന കാലത്തേ നേതൃത്വം ഒരു ഭാഗമായിരുന്നല്ലോ. അവൾ ഓർത്തു.

കൂട്ടുകാരികൾ പലപ്പോഴും പറയാറുണ്ടായിരുന്നു. “നീ ഒരു ഘടികാരം പോലെയാ നിർത്താതെയുള്ള ഈ ഓട്ടം എവിടെത്തുടങ്ങി എവിടെ അവസാനിക്കുമെന്ന് പറയാനാവില്ല”അതിനുള്ള മറുപടിയൊരു ചെറു ചിരിയിലൊതുക്കി മൗനിയാകും.

മോളേ അമ്മയുടെ പിൻവിളി. ഇന്ന് അമ്മുവേട്ടത്തിക്കാ സാക്ഷരതാക്ളാസിൽ ഒന്നാം റാങ്ക്. അവർക്കിനി കമ്പ്യൂട്ടർ പഠിക്കാനാണത്രേ ആഗ്രഹം. നീ വിചാരിച്ചാൽ.......

`ഒന്നും മിണ്ടാതെ പതിവിലും നേരത്തേ മുറിയിൽ കയറി വാതിലടച്ചു. അമ്മയു-ടെ ചോദ്യരൂപേണയുള്ള നോട്ടം കണ്ടില്ലെന്ന് നടിച്ചു. കസേരവലിച്ചിട്ട് ഇരുന്ന് പതുക്കെ കമ്പ്യൂട്ടറിന്റെ മോണിറ്റർ സ്വിച്ചിൽ വിരലമർത്തി. ഞാൻ തയ്യാർ എന്ന അടയാളം കാണിച്ചുകൊണ്ട് മോണിറ്റർ ഒന്ന് മിന്നിത്തെളിഞ്ഞു. പ്രത്യാശയുടെ പൊൻകിരണങ്ങൾ അവളെ പൊതിഞ്ഞു. എങ്കിലും നിർവികാരതയോടെ മൗസ്-പാടിലൂടെ മൗസ് ചലിപ്പിച്ചുകൊണ്ടിരുന്നു.

തന്റെ സ്വപ്നങ്ങൾ അതിരില്ലാവിഹായസ്സിലൂടെ വർണ്ണച്ചിറകുകൾ വിടർത്തി വീശി വർണ്ണത്താഴ്വര ലക്ഷ്യമിട്ട് കൊക്കിയും കുറുകിയും പറന്നുയരുന്നു. സ്വർണ്ണപക്ഷികളെപ്പോലെ വട്ടം ചുറ്റി തത്തിക്കളിക്കുന്നു. അവൾ മോണിറ്ററിലേ-

ക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു.

എന്ത്? അതാ അവ ഓരോരുത്തരായ് മോണിറ്ററിൽ നിന്ന് അന്തരീക്ഷത്തിലേക്ക് കുതിച്ചുയരുന്നു. പ്രത്യാശയുടെ പൊൻകിരണങ്ങൾ അവളെ പൊതിഞ്ഞു. വർണ്ണച്ചിറകുകൾ വിടർത്തി ചുറ്റും നൃത്തം വെച്ച് അനന്തതയിലേക്ക് ഓരോരുത്തരായ് അകലുന്നു. അവൾക്ക് ഒന്നും മനസ്സിലായില്ല. ഒരു വസന്തം മുഴുവൻ കൊക്കുകളിലൊതുക്കി സ്വപ്ന സാമ്രാജ്യം കീഴടക്കി തിരിച്ചെത്തുന്നതും കാത്ത് അവൾ ഇരുന്നു. ഏതോ ഒരു പുത്തനുണർവ് അവളെ പുണർന്നു.

സ്വപ്ന സാക്ഷാത്കാരത്തിന്റെ മാസ്മരികലഹരിയിൽ താൻ സ്വയം ഇല്ലാതാവു-
കയാണോ? അപ്പോഴും അവളുടെ ചൂണ്ടുവിരലും നടുവിരലും മൗസ്ബട്ടണിൽ തഴുകി. മോണിറ്ററിൽ എന്തോ തിരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പ്രതീക്ഷകൾ കൊണ്ട് വസന്തം തീർക്കാൻ അവൾക്ക് തിടുക്കമായി.

അതാ...ഒരു സീൽക്കാരശബ്ദം. അതെ അവൾതന്നെ കാറിന്റെ സംഗീതത്തോടൊപ്പം ചിറകടികളുടെ താളവും. ചിറക് വിടർത്തി താളാത്മകമായ് കൂട്ടത്തോടെ ചേലയുടുത്ത് കാർമുകിൽ കണ്ണെഴുതി. ഒരു അഭിസാരികയെപ്പോലെ അണിഞ്ഞൊരുങ്ങിയ സന്ധ്യാദേവിയുടെ വിരിമാറിലൂടെ തന്റെ നേർക്ക് പ്രത്യാശയുടെ പൂച്ചെണ്ടുകൾ കയ്യിലേന്തി അവരെ സ്വീകരിക്കാൻ ഒരുങ്ങവേ അതാ മിനുമിനുത്ത പൊൻതൂവലുള്ള കനകക്കിരീടമണിഞ്ഞവൻ മുന്നേ പറന്ന് തന്റെ നേരെ .....

ഹൃദയത്തിൽ മോഹങ്ങൾ നീരുറവകളായി കിനിഞ്ഞിറങ്ങുന്നതവളറിഞ്ഞു. അവ മുഴുവനും കോരിയെടുത്ത് തന്റെ പളുങ്ക് പാത്രങ്ങളിൽ നിറച്ച് അതിന്റെ പ്രതിഫലനം സൃഷ്ടിക്കാൻ വെമ്പുന്ന തന്റെ കണ്ണുകളിലേക്കത് തുറിച്ചുനോക്കി. അയ്യോ അതിന്റെ നേർത്ത ക്രൂർത്ത നഖങ്ങൾ തന്റെ നനുത്ത കണ്ണുകളെ ലക്ഷ്യമിടുന്നു.

അവളുടെ വിരലുകൾ വീണ്ടും മൗസിന്റെ പാർശ്വഭാഗങ്ങളിൽ പരതി. ഇല്ല ഒന്നും കാണാൻ കഴിയുന്നില്ല. കൂരിരുട്ട്.

ചുടുചോരയുടെ നനവ് തൊട്ടറിഞ്ഞ അവൾ യാഥാർത്ഥ്യങ്ങളുടെ അന്ധകാരത്തിൽ തപ്പിത്തടഞ്ഞുകൊണ്ടിരുന്നു. ഓരോരുത്തരുടേയും ഊഴം കഴിയുമ്പോൾ അവൾ മോഹഭംഗത്തിന്റെ നടുക്കടലിൽ പെട്ട് നട്ടം തിരിഞ്ഞു.

* . * * * . *
* * . * * * . * *
* . *



## ഏകദിന ക്യാമ്പ്

ചപ്പാരപ്പടവ ഹൈസ്ക്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആദ്യത്തെ ഏകദിന പരിശീലനം ജൂൺ 21 ന് സ്ക്കൂളിൽ നടന്നു. ശ്രീ. ശങ്കരനാരായണൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീ.നളിനാക്ഷൻ മാസ്റ്റർ ക്ലാസ് എടുത്തു. പി വിനോദ് മാസ്റ്റർ ആശംസ നേർന്നു.





# പട്ടം



**ചെറുകഥ**

ഗോപികഗംഗാധരൻ - 10A

പേപ്പറും ഈർക്കിലും വർണ്ണക്കടലാസുമൊക്കെ ചേർത്ത് ഷാൻ ഒരു പട്ടമുണ്ടാക്കി . ഉണ്ടാക്കി തീർന്നപ്പോൾ രാത്രിയായി . നൂലുകെട്ടി പറപ്പിക്കാൻ നോക്കുമ്പോൾ ഇരുട്ടത്ത് കണ്ണുകാണുന്നില്ല എന്ന് പട്ടം . ഉടനെ ഷാൻ ഒരു 3 വാട്ട് എൽ.ഇ.ഡി ബൾബും ചെറിയൊരു ബാറ്ററിയും ഫിറ്റു ചെയ്തു . വീണ്ടും പറത്താൻ ശ്രമിച്ചപ്പോൾ പട്ടം പറഞ്ഞു: താഴെയിറക്ക് ചിലപ്പോൾ നൂല് പൊട്ടി ആകാശത്തേക്ക് പറന്നു പോയാലോ, എനിക്ക് വിശക്കുലേ, ഭക്ഷണം തായോ.


ഭക്ഷണം കഴിഞ്ഞപ്പോൾ പട്ടം പുതിയൊരു പ്രശ്നമുന്നയിച്ചു "എനിക്ക് മനോഹരമായ മേക്കപ്പ് വേണം." അതും സമ്മതിച്ച് അലുക്കുകളും വർണത്തൊങ്ങലുകളും വെച്ച് പട്ടത്തെ മനോഹരമാക്കി. അപ്പോഴേക്കും നേരം വെളുത്തു. പുലർച്ചയ്ക്ക് ഷാൻ പട്ടവുമായി കുന്നിൻ മുകളിലെ മൈതാനത്തേക്ക് പോയി. പോകുംവഴി പട്ടം നിർത്താതെ സംസാരിച്ച് കൊണ്ടിരുന്നു. "അടുത്ത ആഴ്ച് നടക്കുന്ന പട്ടം പറപ്പിക്കൽ മത്സരത്തിന് പോകണം,ചാമ്പ്യനാകണം"രഹസ്യമായി പട്ടം പറഞ്ഞു."എനിക്കെന്നും കിടന്നുറങ്ങാൻ ഒരു പട്ടംപെട്ടി കൂടി നീയുണ്ടാക്കി തരണം. എ.സിയൊക്കെ ഫിറ്റ് ചെയ്യണം“. ഷാൻ സന്തോഷത്തോടെ സമ്മതിച്ചു.



ആകാശത്തേക്ക് ഉയർന്ന് പറക്കുന്ന പരുന്തിനെ കണ്ട് പട്ടം അസൂയ മൂത്ത് ഒരു നോട്ടം നോക്കി. മൈതാനത്ത് മറ്റു കുട്ടികൾ വന്നിട്ടുണ്ടായിരുന്നില്ല. നൂൽ അയച്ചയച്ച് ഷാൻ പട്ടം പറപ്പിച്ചു. പട്ടം ഉത്സാഹഭരിതനായി ഉയർന്നുയർന്ന് പറന്നു കൊണ്ടിരുന്നു. ഒരുപാട് ഉയരത്തിലെത്തിയപ്പോൾ ഷാനിന്റെ നിയന്ത്രണം കുറഞ്ഞു. കയറുണ്ടെങ്കിലും പട്ടം പയ്യെപ്പയ്യെ സ്വന്തമായി ദിശ കണ്ടെത്തി തുടങ്ങി. പെട്ടെന്ന് മാനത്തതാ ഏതോ നൂലു പൊട്ടിയ പട്ടം പറന്നു നടക്കുന്നു. അത് വന്ന് തന്റെ പട്ടത്തെ പരിഹസിക്കുമെന്ന് ഷാനിനറിയാമായിരുന്നു. ചങ്ങാത്തത്തിലായ രണ്ടു പട്ടങ്ങളും കൂടി ഷാനിന്റെ നൂലും പൊട്ടിച്ച് ബഹിരാകാശത്തേയ്ക്ക് യാത്രയായി. ഷാൻ ഭൂമിയിൽ ഒറ്റക്കായി.

================

# ബഷീർദിനം



ബഷീർ ദിനത്തിൽ ബഷീർ കൃതികൾ പ്രദർശിപ്പിച്ചു.ബഷീർ കഥാപാത്ര ങ്ങളെ അവതരിപ്പിച്ച് കുട്ടികൾ രംഗത്തുവന്നത് ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയ സംഭവമായിരുന്നു. ബഷീർ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ വരച്ച ചുമർ മാസിക പ്രദർശിപ്പിച്ചു.ബഷീർ ദ മാൻ എന്ന ഡോക്യുമെന്ററി പ്രദർശനവും നടന്നു.ബഷീർ കൃതികൾ ഉൾപ്പെടുത്തി കൈയ്യെഴുത്തുമാസിക നിർമ്മിച്ചു.





# ജന്മവിജയികൾ



ശ്യാംകുമാർസി.എം+2scienc

ഒരു ചെറുപുഞ്ചിരി ചുണ്ടത്തൊതുക്കിയി–
ന്നൊരു നല്ല നാളെയേ ഓർത്തീടവെ
കരുതലിൻ കരമിന്ന് കുതിച്ചങ്ങോടിടും
കയർ വിട്ട കാലത്തെയൊ തുക്കീടവെ
നാളെയീലോകത്താറടിമണ്ണിലൊരു
ങ്ങുമോയെന്നിന്നാരറിഞ്ഞു
തളിരിടും ലോകത്ത് പുലരുവാൻ
മാനവർ നാം ചെയ്തു കൂട്ടുന്ന കർമ്മങ്ങളും
പ്രതിബന്ധമൊരുപാട് പ്രതിവിധിയില്ലാ
തുഴയുന്ന ജന്മങ്ങളും
മറുപടിയില്ലാതെ മരണത്തിൻ
ചോദ്യത്തിൽ തട്ടിത്തടഞ്ഞങ്ങൊതുങ്ങിയിട്ടും
പുകയുന്ന കാലത്തെ കരിവീണ പാതകൾ
കറുതാന്തമായ് നമ്മെ വലിച്ചീടവേ
ഇല്ലില്ല വരുകില്ല നന്മയാം പാതയി
ലെൻ പാദം തളരില്ലയെന്ന ചൊല്ലാൻ
കരുത്തില്ല കഴിവില്ല മാനവ ജന്മത്തിൻ
മനതാരിൽ നൈരാശ്യമീ ഹേതുവാൽ
കണ്ണടച്ചീടുവാൻ വിട്ടുവാഞ്ഞ സ്വപനങ്ങ-
ളിന്നീ മനസ്സിന്റെ പാഴ് കൊട്ടയിൽ
പുകയായി നീറവേ തണപ്പിച്ചൊതുക്കി
യാ കനവിനെ നാം വയറിലെ തീയണച്ചീടുവാൻ
ഒടുവിലീ മരണമാമേകാന്ത സത്യത്തി
ലതിതൊന്നുമില്ലാതിറങ്ങീടവേ
ഒരു ജന്മംകൊണ്ടു നാം വിത്തിട്ടു വിളയിച്ച
സത്യങ്ങൾ സ്വപ്നങ്ങളിവയൊക്കെയും
ഒടുങ്ങിടും പരാജിതർ നാം തന്റെ ചിതകളിൽ
ഒടുവിലാ യാത്രയ്ക്ക് മുമ്പിനിയെങ്ങാൻ
ചിലരുടെ കനവുകളതി ജീവിച്ചാൽ
അവരാണ് വിജയികൾ
കുതിവിട്ട ലോകത്തെയതിജീവിച്ചോർ ...

# ജൂൺ 19 വായനാദിനം




**പി.എൻ.പണിക്കരുടെ** ചരമദിനമായ **ജൂൺ 19 ന് വായനാദിനം** സമുചിതമായി ആഘോഷിച്ചു.അന്നേദിവസം സ്കൂളിൽ പുസ്തക പ്രദർശനം സംഘടിപ്പിച്ചു.എല്ലാ ക്ലാസ്സിലും കുട്ടികൾക്ക് ലൈബ്രറി പുസ്തകം വിതരണം ചെയ്തു.ജൂൺ 19 മുതൽ 26 വരെ വായനാ വാരമായി ആഘോഷിച്ചു.വായനാ വാരത്തിൽ സാഹിത്യ ക്വിസ്,വായനാ മത്സരം എന്നിവ നടത്തി.വിവിധ ക്ലാസ്സുകളിൽ ക്ലാസ്സ് ലൈബ്രറി ഉദ്ഘാടനവും വായനാ വാരത്തിൽ നടത്താൻ കഴിഞ്ഞു.വായനാ വാരവുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസ്സുകളിലും കൈയ്യെഴുത്ത് മാസിക നിർമ്മിച്ചു.വിജയികൾക്ക് സമ്മാനവും നൽകി.

# ഭൂമിയുടെ തിരിച്ചടി



*കവിത* *അനഘ..പി .പി* X D

എങ്ങനെ ചെയ്താലും തിർത്തിടാനാകാത്ത
ദ്രോഹങ്ങൾ ചെയ്ത നാം ഭൂമിയോട്
കുന്നുകളൊക്കെയും മാന്തി വെടിപ്പാക്കി
വയലു നികത്താനോ മത്സരമായ്
മണൽ വാരി പുഴകളെ കൊന്നതും പോരാഞ്ഞ്
മരമായമരമൊക്കെ വെട്ടിവീഴ്ത്തി
എണ്ണിയാൽ തിരാത്ത ക്രൂരതയൊക്കയും
കാട്ടിയിരുന്നു നാം ഭൂമിയോട്
എണ്ണിയാൽ തിരാത്ത ക്രൂരതയോക്കെയും
കാട്ടിയിരുന്നു നാം ഭൂമിയെ ദ്രോഹിച്ചല്ലോ
ഓർക്കത്തില്ല മാനവർ.........



താൻ ചെയ്ത തെറ്റകൾക്കുള്ളക ശിക്ഷകളൊക്കെ
പ്രളയത്തിലൂടെ വന്നെത്തുമെന്ന്
ഓർക്കാതെ ചെയ്തൊരാ
തെറ്റുകൾക്കൊക്കെയും
ശിക്ഷകൾ മാനവരേറ്റുവാങ്ങി
ആർത്തിയോടന്നവർ
കെട്ടിയ കോട്ടയോ

പ്രളയജലത്തിലങ്ങാഴ്ന്നുപോയി.
വർഗീയതയുടെ പേരിൽ കലഹിച്ചവർ
പ്രളയത്തിനൊടുവിൽ മർത്ത്യനായി.

*******..........*******

# അറിഞ്ഞിരുന്നില്ല ഞാൻ

## കഥ

ഇന്നും രാവിലെ തന്നെ എഴുന്നേറ്റു. എന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ പരീക്ഷ നടന്നുകൊണ്ടിരിക്കുകയാണ്.എസ്.എസ്.എൽ.സി പരീക്ഷ. ഇന്നലെ തന്നെ രാത്രി ഇരുന്ന് പഠിച്ചിരുന്നു. അമ്മ രണ്ടു ദിവസമായി ജോലിക്ക് പോയിട്ട്. അമ്മയ്ക്ക് തീരെ സുഖമില്ല. ഇംഗ്ലീഷ് ആണ് ഇന്നത്തെ പരീക്ഷ. അവസാന പരീക്ഷയാണ് ഇതുവരെ എല്ലാം എളുപ്പമുണ്ട്. ഇന്നലെ രാത്രി തന്നെ വളരെ നന്നായി പഠിച്ചിരുന്നു. അന്നത്തേത് അന്നന്ന് തന്നെ പഠിക്കണം എന്ന് അമ്മയ്ക്ക് നിർബന്ധമായിരുന്നു. വേഗം അടുക്കളയിലേക്ക് ചെന്ന് ഒരു കട്ടനിട്ടു. പഞ്ചസാര കുപ്പി നോക്കുമ്പോൾ പാത്രം കാലിയാണ്. മധുരമില്ലാത്ത കട്ടൻ തന്നെ ശരണം. അതും എടുത്തോണ്ട് അമ്മ കിടക്കുന്ന റൂമിലേക്ക് ചെന്നു. അമ്മ എഴുന്നേറ്റ് ഇരിക്കുന്നുണ്ടായിരുന്നു. കാല് ഇളകി വീഴാറായ ആ കട്ടിലിൽ. “മോളേ സുനിതേ... ഇങ്ങടുത്തു വാ..” അമ്മ വിളിച്ചു. “ന്താ അമ്മേ...” ഞാൻ അമ്മയുടെ അടുത്ത് ചെന്നിരുന്നു. “മോൾക്ക് അമ്മയോട് ദേഷ്യണ്ടോ... ന്റെ മോൾക്ക് പരീക്ഷയല്ലെ.. എന്നിട്ടും ദൈവം അമ്മയെ കിടത്തിച്ചു. നിന്റച്ഛൻ പോകുമ്പോൾ എന്നോട് പറഞ്ഞിരുന്നു, മ്മ്ടെ മോളെ കഷ്ടപ്പാടില്ലാതെ നോക്കണംന്ന്. അച്ഛന് നിന്നെ ഒരു ഐ. എ. എസ് ഓഫിസറാക്കാനാ-യിരുന്നു മോളേ ഇഷ്ടം.” എന്ന് പറഞ്ഞുകൊണ്ട് അമ്മ എന്റെ തലയിൽ തലോടി. അതെ അച്ഛൻ മരിച്ച് പന്ത്രണ്ട് വർഷം ആയി. എന്റെ അമ്മ പലതരം ജോലിയെടുത്താണ് എന്നെ വളർത്തിയത്. കഷ്ടപ്പാടെന്തെന്ന് അറിയിക്കാതെ വളർത്തി,ന്റെ അമ്മക്ക് തീരെ സുഖമില്ല. രണ്ടു ദിവസമായി വല്ലാതെ പനിക്കുന്നു. ഈ പനിയിലും ജോലിക്ക് പോകാനാ ഒരുങ്ങിയത്. ഞാൻ നിർബന്ധിച്ച് കിടത്തിയതാ..പാവം.



“സുനിത മോളെ എന്താ ആലോചിക്കുന്നേയ”അമ്മ എന്റെ പുറത്ത് തട്ടി.“ഏയ് ഒന്നുല്ല്യാ..മ്മേ ദാ ഈ കട്ടൻ കുടിയ്ക്ക്”ഞാൻ അത് അൽപം ആറ്റിയിട്ട് അമ്മയ്ക്ക് കൊടുത്തു. മരുന്നും എടുത്ത് കൊടുത്തു. അപ്പോൾ അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ വീഴുന്നത് ഞാൻ കണ്ടു. “ശോ.. എന്താ ഭവാനിയമ്മേ ഇത്. അമ്മ കൊച്ചുകുട്ടിയാണോ? യ്യോ കഷ്ടം അതേ ഒരു ഐ. എ. എസ് ഓഫീസറാവേണ്ട മകളുടെ അമ്മ ഇത്ര തൊട്ടാവാടിയാണോ? ആണോന്ന്”പറഞ്ഞ് അമ്മയെ ഞാൻ ഇക്കിളിപ്പെടുത്തി. ആ നനവ് നിറഞ്ഞ മുഖത്ത് പിന്നെ ചിരിയായി. “ആ ഇപ്പൊ ഓക്കേ"ന്ന് പറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ച് കവിളിൽ ഒരു ഉമ്മയും കൊടുത്ത് പോയി കുറച്ച് പഠിച്ചു. കുളിച്ചതിന് ശേഷം ഭഗവാനോട് നന്നായി പ്രാർത്ഥിച്ചു. തലേന്നത്തെ കഞ്ഞി ഇരിപ്പുണ്ടായിരുന്നു. അത്

അമ്മയ്ക്ക് കൊടുത്തു, കുറച്ച് ഞാനും കുടിച്ചു."അമ്മേ ഞാൻ പോവാണ്ട്ടോന്ന് "പറഞ്ഞ് അമ്മേടെ അടുത്ത് പോയി. അമ്മയുടെ കവിളിൽ തലോടി, എന്നിട്ട് നെറ്റിയിൽ ചുംബിച്ചു.

"നന്നായി പരീക്ഷ എഴുതണം. ഭഗവാനോട് പ്രാർത്ഥിക്കണം. പരീക്ഷ സമയത്ത് വേറൊന്നും ചിന്തിക്കരുത്. മോള് പഠിച്ച് വലിയ ഓഫീസറാവണം. സ്ത്രീയെന്ന കരുതി പലരും മോളുടെ പാതയിൽ മുള്ള് ചിതറിയേക്കാം, അതിനെയൊക്കെ അതിജീവിച്ച് മോള് പറന്നുയരണം"

ഇതും പറഞ്ഞ് അമ്മ ഒരുപാട് ചുമച്ചു. ഞാൻ അമ്മയ്ക്ക് മരുന്ന് കൊടുത്തു. തൊട്ടപ്പുറത്തെ മീനാക്ഷിയേച്ചിയെ വിളിച്ച് അമ്മയ്ക്ക് കൂട്ടിനിരുത്തി. ഞാൻ സ്കൂളിൽ ചെന്നു. ആദ്യം അമ്മയെ കുറിച്ച് ഒരുപാടോർത്തെങ്കിലും, അമ്മ പറഞ്ഞ വാക്കോർത്ത് പരീക്ഷയിൽ ശ്രദ്ധിച്ചു. നന്നായി എഴുതി. വളരെ എളുപ്പമായിരുന്നു. രണ്ടര മണിക്കൂർ നീണ്ട പരീക്ഷ കഴിഞ്ഞ് ഞാൻ വീട്ടിലെത്താൻ തിടുക്കം കൂട്ടി. പരീക്ഷയുടെ വിശേഷങ്ങൾ അമ്മയോട് പറയണം.

വീട്ടിലെത്തിയപ്പോ നിറയെ ആൾക്കാർ. എനിക്ക് ഒന്നും മനസ്സിലായില്ല. ഞാൻ അകത്തേക്ക് ചെന്നപ്പോൾ ചേതനയറ്റ അമ്മയുടെ ശരീരം കണ്ട് എനിക്ക് പിടിച്ചു നിൽക്കാൻ പറ്റിയില്ല. എന്നെ ആരോ പിടിച്ച് അവിടെ ഇരുത്തി. ഞാൻ പൊട്ടിക്കരഞ്ഞുപോയി.

രാവിലെ കുട്ടി സ്കൂളിലേക്ക് ഇറങ്ങിയപ്പോൾ തന്നെ മരിച്ചിരുന്നു. നിന്നെ വിളിക്കാൻ വിനീത തുനിഞ്ഞപ്പോൾ അവളെ വിളിക്കണ്ട ന്റെ മോള് പരീക്ഷ എഴുതിക്കോട്ടേന്ന് പറഞ്ഞ് അവിടെത്തന്നെ ശ്വാസം നിലച്ചുപോയി. അതാ മോളെ അറിയിക്കാതിരുന്നത്. എനിക്ക് സങ്കടം നിയന്ത്രിക്കാനായില്ല. ഞാൻ പരീക്ഷയെഴുതുമ്പൊഴേക്കും അമ്മയെന്നെ വിട്ടുപോയി. ആരും പറയാതെ ഞാൻ ഒന്നും അറിഞ്ഞില്ല. അമ്മയെന്നെ അറിയിച്ചില്ല. ആരും കാണാനില്ലാത്തോണ്ട് വേഗം തന്നെ മൃതദേഹം സംസ്കരിച്ചു. ഇതൊക്കെ വെറും ജീവൻ മാത്രമുള്ള വസ്തുവിനെപ്പോലെ നോക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ. അന്ന് പഞ്ചായത്തങ്കങ്ങളെല്ലാം വന്ന് എന്നെ 'സ്നേഹവീട്' എന്ന എന്നെ പോലെ ഒരുപാട് അനാഥരായവർക്കൊപ്പം കൂട്ടി. പത്താം ക്ലാസിൽ പത്ത് A+ ആയിരുന്നു. എന്റെസന്തോഷം സ്നേഹവീട്ടിലായിരുന്നു. പിന്നീടുള്ള ഏഴ് വർഷക്കാലം പ്രയത്നമായിരുന്നുവെന്നിൽ. അതെ കഷ്ടപ്പെട്ട് പഠിച്ച് എനിക്ക് എന്റെ ജില്ലയിൽ തന്നെ ഐ.ഏ.എസ് ഓഫിസറായി ജോലി കിട്ടി.



"മാഡം വണ്ടി സമയമാവുന്നു"."ആ വരുന്നു പവിത്രേട്ടാ.." ഞാൻ പറഞ്ഞു. എന്റെ വണ്ടിയുടെ ഡ്രൈവറാണ് പവിത്രേട്ടൻ. ഓഫീസറായ ആദ്യ ദിനമാണിന്ന്. അതിനാൽ അച്ഛന്റെയും അമ്മയുടെയും ശവകുടീര-ത്തിന്റെ അടുത്ത് അനുഗ്രഹം വാങ്ങാൻ വേണ്ടി വന്നതായിരു.ഞാൻ അവർക്ക് മുമ്പിൽ മുട്ട് കുത്തി ഇരുന്നു.

നിങ്ങളൊക്കെ എന്നോട് പറയാതെ എന്നെ തനിച്ചാക്കി പോയി.
പക്ഷേ, ഞാൻ തളർന്നില്ല. അമ്മേ..അച്ഛാ..ഞാൻ നിങ്ങടെ മകളാ. നമ്മുടെ നാടിന്റെ ചുമതല നിങ്ങളുടെയൊക്കെ ആഗ്രഹം പോലെ ഞാനേറ്റെടുക്കുന്ന ദിവസമാണിത്.എന്നെ അനുഗ്രഹിക്കണം. ഞാൻ നമ്മുടെ നാട്ടിലെ അതിക്രമങ്ങൾക്കെതിരെ പോരാടി നീതിയുടെ പക്ഷത്ത് നിന്ന് തലയുയർത്തി നടക്കുന്ന ഐ.എ.എസ് ഓഫീസറാവും. നാടിന് വേണ്ടി പ്രവർത്തിക്കും. എന്നെ അനുഗ്രഹിക്കണം എന്ന് പറഞ്ഞ് എന്റെ കയ്യിലുള്ള പൂക്കൾ ഞാൻ അവിടെ വിതറി. തിരി കത്തിച്ച് പ്രാർത്ഥിച്ചു. അപ്പോൾ എവിടെ നിന്നോ ഒരു ഇളംകാറ്റ് എന്നെ തഴുകി കടന്നുപോയി. അതെന്റെ അമ്മയുടേയും അച്ഛന്റെയും അനുഗ്രഹം. ഞാൻ രണ്ട് ശവകുടീരത്തിലേക്ക് നോക്കി പുഞ്ചിരിച്ചു. എന്നിട്ട് ഉറച്ച കാൽവെയ്പുകളോടെ മുന്നോട്ട് നടന്നു.

-------==--------

-സഫ്രീന +1



# ചപ്പാരപ്പടവ ഹൈസ്കൂൾ സ്കൗട്ട് യൂനിറ്റ് അംഗങ്ങൾ





# കരയാത്ത പ്രകൃതിയെ തേടി



കഥ

*ഗോപിക.ടി.വി.VIII*

**എ**ത്ര കഷ്ടപ്പെട്ടാണ് സ്വന്തം മകനെ ഈ നിലയിൽ എത്തിച്ചതെന്ന് ഓർത്താൽ അതിന് ഉത്തരം ഇല്ല. ചെയ്യാത്ത ജോലികൾ ഇല്ല. അവന് രണ്ടുവയസ്സുള്ളപ്പോഴാണ് അവന്റെ അച്ഛന് ഹൃദയാഘാതം വന്ന്

മരണമടഞ്ഞത്. പിന്നീടുള്ള ജീവിതയാത്രകൾ എങ്ങനെ ജീവിച്ച് തീർക്കുമെന്ന് അവൾക്കറിയില്ലായിരുന്നു. അവള് ചുവടുകൾ പിറകിലേക്ക് വലിച്ചില്ല. മകനെ കഷ്ടപ്പെട്ട് വളർത്തി. അധ്വാനിച്ച് ഓരോ മൺകട്ടകൾ പെറുക്കി ഒരു വീടുണ്ടാക്കി. മകന്റെ വിദ്യഭ്യാസം മുടക്കിയില്ല. ഓർമ്മവച്ചനാൾ മുതൽ അമ്മ കഷ്ടപ്പെടുന്നത് മാത്രമാണ് അവൻ കണ്ടിട്ടുള്ളത്. അവൻ പഠിക്കാൻ മിടുക്കനായിരുന്നു. ഒത്തിരി വലുതല്ലെങ്കിലും ഒരു വീട് പട്ടണത്തിൽ പണിയണം എന്നവന് ആഗ്രഹമുണ്ടായിരുന്നു. കാലങ്ങൾ അവന്റെ ആവേശത്തിനൊന്നിച്ച് ഓടാൻ തുടങ്ങി.

സൂര്യൻ ഉദിച്ചു. കിളികൾ പാടി. അവന്റെ ആഗ്രഹം സഫലമാകാൻ പോകുന്നു വെന്ന് അവന് തോന്നി. അമ്മയുടെ കണ്ണീരിൽ കുതിർന്ന ജീവിതത്തിൽ നിന്ന് കരകയറാൻ അവന് പട്ടാളത്തിൽ ജോലി കിട്ടിയിരിക്കുകയാണ്. അതിന്റെ പരിശീല- നത്തിന് പോകാൻ ഒരുങ്ങുകയാണവൻ. അനുഗ്രഹം വാങ്ങാൻ അമ്മയുടെ കാലുകൾ തൊട്ടുവണങ്ങി അവൻ യാത്ര തിരിച്ചു. ഇനി ആ അമ്മ ആരെയാണ് വഴക്ക് പറയുക? ആരുടെയൊപ്പമാണ് കളി പറയുക? ആരോടാണ് സംസാരിക്കുക? മകൻ പോയതിൽ പിന്നെ ഒരു സമാധാനവും അവൾക്കില്ലായിരുന്നു . ആ രാത്രി ഒരു ചെറിയ മഴ പെയ്യു. എന്തോ വലുത് വരാനുള്ള സൂചനപോലെ. അത് തന്റെ ഭർത്താവ് അവളോട് സംസാരി ക്കുന്നത് പോലെ തോന്നി. ഉമ്മറത്തിരുന്ന് അവൾ മകന്റെ കാര്യങ്ങളെ കുറിച്ച് സ്വയം പറയാൻ തുടങ്ങി. ആ ഉമ്മറത്ത് ആ അമ്മയും അവളുടെ ജീവിതവും മഴയിൽ നനഞ്ഞ് സങ്കടങ്ങൾ കരകയറ്റി. ദിവസവും അവൾ മകന് കത്തെഴുതുമായിരുന്നു. അവൻ തിരിച്ചും. ഒരു ദിവസം മറുപടിക്കത്ത് വരാതിരുന്നാൽ അവൾ പേടിക്കുമായിരുന്നു. അങ്ങനെ കുറച്ച് നാളുകൾ നീങ്ങി.

ഈ അടുത്ത് പല സ്ഥലങ്ങളിലായി നല്ല മഴ പെയ്ത് വെള്ളം കയറിയതായി

അവൾ അറിഞ്ഞു. അരുതാത്തതൊന്നും സംഭവിക്കല്ലേ എന്നവൾ പ്രാർത്ഥിച്ചു. പോരാത്തതിന് അവളുടെ വീടും പുഴയോരത്തായിരുന്നു.
ദിവസങ്ങൾനീങ്ങി.മകൻ അങ്ങോട്ടേക്ക് കത്തുകൾ അയച്ചു കൊണ്ടേയിരുന്നു.മറുപടിയൊന്നുംവന്നില്ല. അവന്റെ മനസ്സ് കാർമേഘം പോലെ ഇരുണ്ടു. നാട്ടിൽ വലിയവെള്ളപ്പൊക്കം ഉണ്ടെന്ന് അവൻ അറിഞ്ഞിരുന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം അവൻ അറിഞ്ഞു. അവന്റെ നാട്ടിലും വെള്ളം കയറിയെന്ന്. അവന് എത്രയുംപെട്ടെന്ന് നാട്ടിൽ പോകണം. അവന്റെ അമ്മയെ കാണണം. പ്രളയം.........
അത് വെറുമൊരു സാധാരണ വെള്ളപ്പൊക്കമായിരുന്നില്ല.എത്രയെത്ര വീടുകൾ, കാടുകൾ, മരങ്ങൾ, മനുഷ്യർ, മൃഗങ്ങൾ ഇല്ലാതായി...പലരും ദുരിതാശ്വാസം അനുഭവിക്കുന്നു. കേരളം ഒട്ടാകെ വെള്ളത്തിൽ മുങ്ങി. ജനങ്ങൾ ദുരിതാശ്വാസ



ക്യാമ്പുകളിലേക്ക് കോടികൾ കൊടുക്കുന്നു. നമ്മുടെ കഥയിലെ അമ്മയും ഈ പ്രളയത്തിൽ കുടുങ്ങിയ നക്ഷത്രമായി ആകാശത്തേക്ക് കുതിച്ചു.
ഒന്നുമറിയാതെ മകൻ ആ തീവണ്ടിയിലും. സ്വന്തം അമ്മയെ അവസാനമായി ഒരു നോക്ക് കാണാൻ അവന് കഴിഞ്ഞില്ല. ഭൂമിയിൽ നടക്കുന്ന ഓരോ പ്രശ്നങ്ങളും തടയാൻ പ്രകൃതിക്ക് കഴിഞ്ഞില്ല. പകരം ഇതിനെ തിരിച്ചടിച്ചു. ജലത്തിലൂടെ..........
ഇനിയെങ്കിലും ഒരു നല്ല നാടിനെ നമുക്ക് ലഭിക്കുമോ?.........

$$$$$$$$$$$$$$$$$$


# കണ്ണീർ കിഴി



(കവിത)

രാകേശ്പേരാവൂർ- അധ്യാപകൻ

**ക**ഴുത്തറുത്തെടുത്തു കൊണ്ടുപോയി
ചൂഴ്ന്നെടുക്കുന്ന കണ്ണുകൾ പിശാചുക്കളാൽ
പഴമതെൻ പെരുമതെല്ലം അറിയാതെ
പാഴ് വേല ചെയ്യുന്ന മനുഷ്യസേവകരെന്ന പേരിൽ
പകരം വെയ്ക്കുന്നൊരാട്ടിൻ കണ്ണുകൾ
പകരമേകില പാരിതോഷികം
പരിഹസിക്കുന്നുവോ നിങ്ങൾ ഈ ദൈവത്തിൻ സൃഷ്ടിയെ
പരിതപിക്കാനാരുമില്ലാത്ത ലോകത്തിൽ
പരിവാരങ്ങൾ പലരും പരവതാനി വിരിച്ചിടും
പാരിൽ വാഴ്ത്തിടാം നിങ്ങളെ
പാപികളൊ മക്കളെ നിങ്ങൾ
പകരം ചോദിക്കില്ലാരും ദൈവമൊഴികെ



വിറ്റുകിട്ടും കിഴികൾ വീതിക്കുന്ന ചിലർ
പട്ടിണി കിടക്കും ചെറുവയറിനെ
പട്ടാപകൽ ഉഴുതു മറിക്കുന്ന ചിലർ
പാപികളൊ മക്കളെ നിങ്ങൾ
പകരം ചോദിക്കില്ലാരും ദൈവമൊഴികെ
അച്ഛൻ മകളെ വിൽക്കുന്ന ഈ ലോകത്ത്
അക്ഷരങ്ങളെ സൃഷ്ടിപൂ, അച്ചുകളെല്ലാം തകർന്ന തരിപ്പണമായി
അക്ഷങ്ങൾ തേടുന്ന സത്യം
അറ്റു പോവും ബന്ധത്തെ കൂട്ടിച്ചേർത്തീടാനായ്
പുഞ്ചിരിതൂകും മുഖപാളികളിലിന്നൊരു
വഞ്ചനഭാവം പൊങ്ങികിടപ്പതു കാൺമൂ ഞാൻ
ദൃഢസ്വരത്തിൽ പറയുവാൻ മോഹിപ്പൂ


## പടവുകൾ

മനുഷ്യനായ് ജീവിക്കാൻ അനുമതി നൽകൂ നിങ്ങൾ
നവോത്ഥാന ശില്പികൾ നമുക്കായ് ഒരുക്കിയ
സ്വാതന്ത്ര്യം തിടമ്പാക്കാനായ്
അനാചാരങ്ങളെല്ലാം ആചാരമാക്കും
ജനസഞ്ചയത്തെ തകർക്കേണ്ടവർ നാം
അഹിംസ വ്രതമാക്കിയോരെന്നെ എന്തിനു
തുറങ്കലിലടച്ച് ക്രൂരനായ് മാറ്റുന്നു നിങ്ങൾ
സത്യം തുറന്ന് പറഞ്ഞതാണെൻ കുറ്റമതെങ്കിൽ
തച്ചുതീർത്തീടുക എൻ സ്വപ്ന സങ്കൽപ്പങ്ങളെ .






## റവന്യൂ ജില്ലാ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുത്തവർ.




മുഹമ്മദ് അബ്ദുള്ള ജലാൽ
(ബോൾ ബാഡ്മിന്റൺ)



ഫർഹാൻ
( ബോൾ ബാഡ്മിന്റൺ )



ഫാറൂഖ്
(ബോൾ ബാഡ്മിന്റൺ)



ജോയൽ ജിജോ
( ചെസ്സ് )




ഷമ്മാസ് എം
( ഫുട്ബോൾ )



സഹൽ
( ഫുട്ബോൾ )



ഫബാസ് (ഫുട്ബോൾ)



ദ്രുപക് (walking )



മുസ്തഫ കെ പി
മാത്സ് ക്വിസ്

## കണ്ണൂർ റവന്യൂ ജില്ല ഗെയിംസ് മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികൾ



വൈശാഖ്
( ഖൊ-ഖൊ )



അബ്ദുള്ള
(ഖൊ-ഖൊ)



തസ്നിം
(ഖൊ-ഖൊ)



അനിരുദ്ധ്
(വോളീബോൾ)



അഭിനവ്
(വോളീബോൾ)



സിദ്ധാർത്ഥ്
(വോളീബോൾ)



റോഷിക്
(ബാസ്കറ്റ് ബോൾ)



ജസ്റ്റിൻ
(ബാസ്കറ്റ് ബോൾ)



ആകാശ്
(ബാസ്കറ്റ് ബോൾ)



ഷാരോണ്
(ബാസ്കറ്റ്ബോൾ)

* * * * * * * * * *

# പ്രവൃത്തി പരിചയമേള

തളിപ്പറമ്പ നോർത്ത് സബ്ജില്ല പ്രവർത്തിപരിചയമേളയിൽ ചപ്പാരപ്പടവ ഹൈസ്ക്കൂളിന് **ഓവറോൾ രണ്ടാം സ്ഥാനം** നേടിത്തന്ന ചപ്പാരപ്പടവ ഹൈസ്ക്കൂളിലെ അഭിമാന താരങ്ങൾ ഹെഡ്മിസ്ട്രസ് ശ്രീമതി; ജ്യോൽസന ടീച്ചർ, പരിശീലക ശ്രീമതി; മല്ലിക ടീച്ചർ എന്നിവരോടൊപ്പം.



# പ്രവൃത്തിപരിചയമേള

## ജില്ലാ മത്സരത്തിൽ പങ്കെടുത്തവർ



അഞ്ജന



അനുപമ



ഫാത്തിമ



ജിസ്ന



ശ്രീഷ



ദീക്ഷിത് എസ് കുമാർ



നവനീത്



നവീൻ



നസൈബ

# പ്രളയം



അഞ്ജന.സി.സി .8c

കവിത



ഒരു പ്രഭാതത്തിൽ ഹൃദയം പൊട്ടി വിലപിച്ചു കേരളം
ആ കണ്ണീരിൽ കുതിർന്ന കേരള ഹൃദയം
നദികൾ നിറഞ്ഞു, കരകൾ കവിഞ്ഞു
ഇടിതൻ ആർത്ത പൊട്ടിച്ചിരികളും
മിന്നലാം ചാട്ടവറും ആഞ്ഞു വീശി
പകയും പരദൂഷണവും എങ്ങോ ഓടിയൊളിച്ചു
മാനവർ പരസ്പര രക്ഷയ്ക്കായ് കൈകോർത്തു
പ്രകൃതി രക്ഷ രുക്ഷിതയായ്
മുടി കെട്ടഴിച്ചു, ആഞ്ഞുറഞ്ഞു
കണ്ണുകൾ തീക്കനലായി താണ്ഡവമാടിട
ആ പ്രഹരത്താൽ ഭയന്നു വിറച്ചു കേരളം
കണ്ണിൽ കണ്ട സർവ്വതും പ്രളയം വിഴുങ്ങി
എങ്ങും അലർച്ചകൾ മുഴങ്ങി
മാമലകൾ തൻ മാറുപിളർന്ന് പ്രളയംഃ




വൃക്ഷങ്ങളെ കടപുഴകിയെറിഞ്ഞു പ്രളയംഃ
അടച്ചിട്ട അഭയകേന്ദ്രങ്ങൾ സുരക്ഷ ഭടന്മാരായി മാറി
കടലിന്റെ മക്കളും ജനസേവജീവിതമാക്കിവെച്ച
സൈനികരും രക്ഷകരായ് താടകയെ വധിച്ചു
തെല്ലുതെല്ലൊന്ന് എല്ലാം കെട്ടടങ്ങിയപ്പോൾ
കണ്ണു തുറന്നു കേരളം സൂര്യൻ കടാക്ഷിച്ചു
സർവ്വരും ചേർന്ന് പരിചരിച്ചു കേരളത്തെ
ആത്മഹത്യയ്ക്ക് ശ്രമിച്ചതാണെന്ന്
പ്രകൃതിയെയും കേരളത്തിന്റെ ചരിത്രത്തിനെയും
കൊന്നുകളഞ്ഞില്ലെ മാനവർ ?

# ക്ലബ്ബ് ഉദ്ഘാടനം

ചപ്പാരപ്പടവ ഹൈസ്കൂൾ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ശ്രീ ഷാജി ജോസഫ് മാസ്റ്റർ നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് ശ്രീ .മമ്മു മാസ്റ്റർ അധ്യക്ഷനായി.









# സ്നോവൈറ്റും ഏഴ് കള്ളൻമാരും

### വായനകുറിപ്പ്

ശഹ്ദ ഫാത്തിമ.കെ.പി VI A

അത്ഭുത കഥകളുടെ കൂട്ടത്തിൽ എക്കാലത്തെയും മഹത്തായ സൃഷ്ടികളിൽ ഒന്നായ "സ്നോവൈറ്റും ഏഴു കള്ളൻമാരും"വാമൊഴിയായി ജർമ്മനിയിൽ പ്രചാരണത്തിലിരുന്നതാണ് എന്നു വിശ്വസിക്കപ്പെടുന്നു. 1812 ൽ പ്രസിദ്ധീകരിച്ച ജർമ്മൻ എഴുത്തുകാരായ ഗ്രീം സഹോദരൻമാരുടെ"ഗ്രിംസ് ഫെയറിടെയിൽസ്" എന്ന സമാഹാരത്തിൽ ഈ കഥയുടെ പുനരാഖ്യാനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

പണ്ടുപണ്ടൊരു രാജ്യത്ത് ഒരു രാജാവും രാഞ്ജിയും താമസിച്ചിരുന്നു. മഞ്ഞു പോലെ വെളുത്ത നിറവും എബണിയുടെ നിറം പോലെ കറുത്ത നീണ്ട മുടിയിഴകളും രക്തം പോലെ ചുവന്ന ചുണ്ടുകളുമുള്ള ഒരു കുഞ്ഞിനെ രാഞ്ജി ആഗ്രഹിച്ചു. രാഞ്ജിയുടെ ആഗ്രഹം പോലെ അങ്ങനെ ഒരു കുഞ്ഞിന് ജന്മം നൽകി. വലിയ മഞ്ഞുവീഴ്ചയുള്ള ദിവസംജനിച്ചതിനാൽ അവർ ആ രാജകുമാരിക്ക് സ്നോവൈറ്റ് എന്ന പേര് നൽകി. രാഞ്ജിയുടെ മരണ ശേഷം രാജാവ് വണ്ടുമൊരു വിവാഹം കഴിച്ചു.അവർ സുന്ദരിയായിരുന്നെങ്കിലും വളരെയധികം/ക്രൂരയായിരുന്നു. എന്നാൽ സ്നോവൈറ്റാകട്ടെ ആരെയും വശീകരിക്കുന്ന സൗന്ദര്യമുള്ളവളും വളരെ
നല്ല സ്വഭാവത്തിനുടമയുമായിരുന്നു. സ്നോവൈറ്റിന്റെ സൗന്ദര്യത്തിൽ രണ്ടാനമ്മയ്ക്ക് അസൂയയും കോപവും ഉണ്ടായി.

അങ്ങനെ ക്രൂരയായ രണ്ടാനമ്മയിൽ നിന്ന് സുന്ദരിയും സൽസ്വഭാവിയുമായ രാജകുമാരി അനുഭവിക്കുന്ന കൊടും പീഡനങ്ങളും ഒടുവിൽ അവൾക്ക് കൈവരുന്ന നല്ല നാളുകളാണ് ഈ കഥയിലെ പ്രതിപാദ്യം.


നന്മയുടെ വിജയവും തിന്മയുടെ പരാജയവും വരച്ചു കാട്ടുന്ന ഈ കഥ മനോഹരമായ ചിത്രങ്ങളും പുനരാഖ്യാന ശൈലിയും കൊണ്ട് ഏവരുടെയും മനം കവരുന്നു.

സത്യവും നന്മയും ആർക്കും ഏതൊരു തിന്മയ്ക്കും പരാജയപ്പെടുത്താനാവില്ല എന്ന് ഈ പുസ്തകം ഒന്നുകൂടി തെളിയിക്കുന്നു.

-----------------

# ഗാന്ധിജയന്തി









# ഘർവാപസി



കഥ

രാകേശ് പേരാവൂർ

വീട് വിട്ടുള്ള ദീർഘയാത്രയിൽ അയാൾ തികച്ചും മദ്യപാനിയാണ്. തന്റെ നിലയിലും വിലയിലും മറന്നുള്ള മദ്യപാനം. നാട്ടിൽ മാന്യനാണെങ്കിലും നാട് വിട്ടാൽ ഇതുതന്നെ ലോകം. അതുകൊണ്ടാണല്ലോ വീട്ടിൽ നിന്നും 200 കിലോമീറ്ററോളം ദൂരമുള്ള ആ പട്ടണത്തിലെ ലോഡ്ജിൽ റൂം എടുത്തതും രാവിലെമുതൽമദ്യപിച്ച്കിടന്നുറങ്ങിയതും .മദ്ധ്യാഹ്നംകടന്ന്പോയതൊന്നുമയാളറിഞ്ഞില്ല. വൈകുന്നേരം 5 മണിയായിക്കാണും. മദ്യമയക്കം വിട്ടൊഴിയാതെ തന്നെ ഉണർന്ന് കിടന്ന കട്ടിലിനോട് ചേർന്ന ജനൽപാളി തുറന്നിട്ട് ബസ്സ് സ്റ്റോപ്പിൽ ഓടിവന്ന് നിൽക്കുന്ന ബസ്സിൽ കയറാൻ ജനങ്ങൾ കാട്ടുന്ന ധൃതിയും, റോഡിലൂടെ ചീറിപ്പായുന്ന വാഹനങ്ങളെയും നോക്കുന്നതിനിടയിൽ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാന്റിനു മുന്നിലാണ് താമസിക്കുന്ന ലോഡ്ജ് എന്നയാൾ ഉറപ്പുവരുത്തി.

വീണ്ടും തലതാഴ്ത്തി കുമ്പിട്ട് അതേകട്ടിലിൽഅർദ്ധമയക്കത്തിലാണ്ടു. മദ്യത്തിന്റെ ഹാങ്ങോവർ അപ്പോഴും മാറിയിരുന്നില്ല. ധനഃശേഖരണാർ-ത്ഥം വികലാംഗനായ ആരോ റോഡരികിൽ നടത്തുന്ന ഗാനമേള ജനാല വഴി ഒഴുകി വന്ന് അയാളെ വീണ്ടുമുണർത്തി. എങ്ങനെയോ കട്ടിലിൽ നിന്നെഴുന്നേറ്റ് ഉടുത്ത കള്ളിത്തുണി വലിച്ചൂരി ബാത്ത്റൂമിന് പുറത്തുവെച്ച പ്ലാസ്റ്റിക്ക് കസേരയിലേക്ക് വലിച്ചെറിഞ്ഞ്, ബാത്ത്റൂമിൽ കയറി ഷവർ തുറന്ന് അതിനു ചുവട്ടിലിരുന്ന് രണ്ട് കാലും നീട്ടി പൂർണ്ണ നഗ്നനായി ഇരുന്നു. ഷവറിൽ നിന്ന് വന്നുവീണ ജലം അയാളുടെ കഷണ്ടിത്തലയിൽ തട്ടി നാലുപാടും തെറിച്ചുകൊണ്ടിരുന്നു. ശരീരം തണുത്തതിന് ശേഷമാണ് പരിസരബോധം പൂർണ്ണമായും തിരിച്ചുകിട്ടിയത്.

കുളികഴിഞ്ഞ് തേച്ച്മിനുക്കിയ വസ്ത്രമണിഞ്ഞ് ജനാല വഴി വീണ്ടും പുറത്ത് നോക്കി. വഴിയോരഗാനമേള നടക്കുന്ന സ്ഥലത്ത് കേൾവിക്കാർ ധാരാളം കൂടി നിന്നിരുന്നു. റൂം പൂട്ടി അയാൾ ഗാനമേളാ സ്ഥലത്തെ ലക്ഷ്യമിട്ട് നടന്നു. ആൾക്കൂട്ടത്തിൽ ഒരാളായ് ചേർന്ന് നിന്ന് പതുക്കെ മുന്നോട്ട് നീങ്ങി. കീശയിൽ നിന്ന് ഗായകനെ നോക്കിയ അയാൾക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. മദ്യമയക്കത്തിൽ തോന്നിയതാണോ എന്ന് കരുതി വലതുകൈ കൊണ്ട് കണ്ണട നെറ്റിത്തടത്തിലേക്കുയർത്തി ഇടതു കൈയിലെ ചൂണ്ടുവിരലും പെരുവിരലും ഉപയോഗിച്ച് രണ്ട് കണ്ണും തിരുമ്മി കണ്ണടയിലൂടെ ഒന്നുകൂടി നോക്കി ഉറപ്പുവരുത്തി ഗായകനെ നോക്കി ഉറക്കെ വിളിച്ചു:

"മായൻകുട്ടി"

ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ അയാളുടെ ഉച്ചസ്ഥായിലുള്ള വിളിയുടെ ശബ്ദം ചിന്നഭിന്നമായി.

ഇവൻ പഠിക്കുന്ന കാലത്തു തന്നെ പൈസയുണ്ടാക്കാൻ അതി സമർത്ഥൻ. ഇപ്പോൾ ഇടത് കൈതോളിൽ സ്റ്റ്രക്ചർ വെച്ച് വലിയ മരച്ചുവട്ടിൽ ഓട്ടോറിക്ഷയിൽ മൈക്കുകെട്ടി, ഒരു അന്ധന്റെ കൂട്ടുകൂടി കരോക്കാഗാനം പാടി പണമുണ്ടാക്കുന്നു. ഓ! ആൾ അപാരം തന്നെ. ഇങ്ങനെയുണ്ടോ ദൈവത്തിന്റെ ഓരോ സൃഷ്ടികൾ.

"പ്രിയ സുഹൃത്തുക്കളെ, അരയ്ക്കുതാഴെ നിർജ്ജീവമായ എന്റെയും രണ്ട് കണ്ണും കാണാത്ത എന്റെ സുഹൃത്തിന്റെയും കുടുംബം രക്ഷപെടാനാണ് ഞങ്ങൾ ഈ ഗാനമേള നടത്തുന്നത്. നിങ്ങൾ കൈയ്യറിഞ്ഞു തരുന്ന ചെറു തുകയാണ് ഞങ്ങളെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. നിങ്ങളാൽ കഴിയുന്ന സഹായം തന്ന് ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥി-ക്കുന്നു" മൈക്കിന്റെ അറ്റം തുടച്ച് അന്ധനായ മനുഷ്യന്റെ കൈയ്യിൽ കൊടുത്തു. ചെറുപ്പക്കാരൻ ഏറ്റുവാങ്ങി താഴോട്ടേയ്ക്കും ആകാശത്തിലേയ്ക്കും തലതാഴ്ത്തിയും ഉയർത്തിയുമുള്ള ഭാവം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. മായൻകുട്ടി സ്ട്രക്ചറിൽ ഓട്ടോവില് സമീപം പോയി അടുത്ത പാട്ടിന്റെ ട്രാക്ക് ശരിയാക്കി. അന്ധനായ ചെറുപ്പക്കാരനിൽ നിന്ന് മൈക്ക് വാങ്ങി പറഞ്ഞു: "സഹൃദയരേ, അടുത്ത ഗാനം ആലപിക്കുന്നത് എന്റെ സുഹൃത്താണ്. പ്രണയത്തിന്റെ പൂവർഷം ശബ്ദത്തിലൂടെ ഒഴുക്കിയ മുഹമ്മദ് റാഫിസാഹിബിന്റെ സൗസാല് പെഹലെ മുഝെ തുമ് സേ പ്യാർത്ഥാ." അല്പഗാനം പാടി മൈക്ക് ആ ചെറുപ്പക്കാരന് തിരിച്ചുകൊടുത്തു.

എന്നാൽ ഗാനമേളയിൽ ശ്രദ്ധയൊന്നും കൊടുക്കാതെ, തടിച്ചലെൻസ് കണ്ണടയണിഞ്ഞ, കഴുത്തിൽ കരിശുമാലയുള്ള എന്തോ നിറച്ച അരച്ചാക്കിന് മുകളിൽ ഇരുന്ന് പത്രം ധൃതിയിൽ വായിക്കുന്നു. പാട്ട്

ആസ്വദിച്ചുകൊണ്ട് തന്നെ തന്റെ ദൃഷ്ടി അയാൾ ആ പത്രത്തിലേക്കു നല്കി.

ഉത്തരേന്ത്യയിലെ ഇതര മതത്തിലെ പലരും ഹിന്ദുമതത്തിലേക്ക് മാറി വന്ന വലിയ വാർത്തയായിരുന്നു അത്. പത്രത്തിൽ നിന്ന് ശ്രദ്ധ മാറ്റി അയാൾ പാട്ട് ആസ്വദിച്ചുകൊണ്ട് മായൻകുട്ടിയുടെ അടുത്ത് പോയി ചോദിച്ചു: "എടാ മായൻകുട്ടി, ഇതെന്തൊക്കെയാണെടാ ഞാൻ കാണുന്നത്?"

മായൻകുട്ടി ഒന്ന് ചിരിച്ചതല്ലാതെ ഉത്തരമേകിയില്ല. മുൻപരിചയമോ സുഹൃത്ത് ബന്ധമോ ഒന്നും അവന്റെ മുഖത്ത് വിടർന്നില്ല. എന്തോ പന്തികേട് മനസ്സിലാക്കി അയാൾ പാട്ടുകേട്ട് നിൽക്കുന്ന ജനത്തിനിടയിലേയ്ക്ക് വീണ്ടും വലിഞ്ഞുകയറി പാട്ട് ആസ്വദിച്ചെങ്കിലും  മനസ്സിൽ നീറുന്ന ചിന്തകൾ നിറയുകയായിരുന്നു.

പെട്ടെന്ന് ആ ഓട്ടോവിലെ പിൻസീറ്റിലിരിക്കുകയായിരുന്ന ഓട്ടോ ഡ്രൈവർ പുറത്തിറങ്ങി, രണ്ട് കൈയ്യും മുകളിലേക്കുയർത്തി കോട്ടുവായിട്ട്, ശരീരം ഒന്ന് വലിച്ചുമുറുക്കി, തൊട്ട് മുന്നിലുള്ള ഓടയിൽ കാർക്കിച്ചുതുപ്പി. ഡ്രൈവറെ കണ്ടയുടൻ സമീപം ചെന്ന് മായൻകുട്ടിയെ ചൂണ്ടിക്കാണിച്ച് അയാൾ ചോദിച്ചു:

"ഒന്നു ചോദിക്കട്ടെ? ഇയാൾ മായൻകുട്ടിയല്ലേ? എനിക്ക് ഇയാളെ നന്നായി അറിയാമായിരുന്നു. എന്റെ സഹപാഠിയായിരുന്നു. അതെ മായൻകുട്ടി തന്നെ.....പക്ഷെ....."

ഡ്രൈവർ അയാളോട് പറഞ്ഞു:"എനിക്ക് കൂടുതലായൊന്നുമറിയില്ല. അയാൾ ഒരു ആക്സിഡന്റിൽ കുറച്ചുനാൾ മെഡിക്കൽ കൊളേജിൽ ആയിരുന്നു. നല്ല മനുഷ്യരുടെ സഹായം കൊണ്ട് രക്ഷപ്പെട്ടതാണ്. ഓർമ്മ വന്നപ്പോൾ കഴിഞ്ഞകാലത്തേക്കുറിച്ചൊന്നും പാവത്തിന് ഓർമ്മയില്ല. പേര് രഘുവെന്ന് പറയും. ഏത് പാട്ടും ഒരു പ്രാവിശ്യം കേട്ടാൽ മതി. അതേപടി പാടും. പാവം! എനിക്ക് ദിവസവും അഞ്ഞൂറ് രൂപ തരുന്നു. അപകടത്തിന് ശേഷം മലപ്പുറത്ത് നിന്ന് ഒരു വിവാഹം കഴിച്ചിരിക്കുന്നു. ഒന്നര വയസ്സുള്ള ഒരു കുട്ടിയുമുണ്ട്."

തിരിച്ച് ആൾക്കൂട്ടത്തിലേക്ക് നടക്കുന്നതിനിടയിൽ പഠിക്കുന്ന സമയം ഒരു കൈയ്യിൽ ആറ് വിരലുള്ള, ഒരു ചെവി ചുരുണ്ട് വികൃതമായ മായൻകുട്ടി തന്നെയാണെന്ന് ഉറപ്പുവരുത്തി മുൻനിരയിൽ നിന്ന് പാട്ട് കേട്ടു. കേൾക്കുന്നതിനിടയിലും അയാൾ ചിന്തിക്കാതിരുന്നില്ല. ദൈവം തന്നെ ഘർവാപസി നടത്തിയാൽ അഥവാ മതം മാറ്റലിൽ ഏർപ്പെട്ടാൽ ആരോട് പ്രക്ഷോഭം നടത്തും. ഹർത്താൽ എങ്ങനെ ആചരിക്കും?

--------------




സബ്ജില്ല ഖൊ-ഖൊ മത്സരത്തിൽ ജൂനിയർ (ആൺ) **രണ്ടാം സ്ഥാനം**




സബ് ജില്ല ബോൾ ബാഡ് മിന്റെൺ **രണ്ടാം സ്ഥാനം** നേടിയ ജൂനിയർ ടീം.




സബ്ജില്ലയിൽ **ഹാട്രിക്** വിജയവുമായി ജൂനിയർ വോളീബോൾ ടീം



സബ്ജില്ല വോളീബോളിൽ രണ്ടാം സ്ഥാനം നേടിയ സബ്ജൂനിയർ ആൺകുട്ടികൾ.

# പാതി വഴിയിൽ



കഥ

സലീത്ത് പി വി 10C

അയാൾ തന്റെ തൂലികയും കയ്യിൽ പിടിച്ച് ഇരിക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകളായി. വാക്കുകൾ അയാളുടെ മനസ്സിലേക്ക് വരാൻ മടി കാണിക്കുകയാണ്. അയാൾ നിരാശനായി. വീടിന്റെ വരാന്തയിലേക്ക് മന്ദം മന്ദം നടന്നു. അവിടെ കുത്തിയിരുന്ന് ചിന്തകളുടെ ലോകത്തേക്ക് ഊളിയിട്ടു. താൻ ഒരു കഥാകാരനാവാൻ ആഗ്രഹിച്ചു. പക്ഷെ എന്ത് കൊണ്ട് തനിക്ക് എഴുതാനാവുന്നില്ല? കൊണ്ടതിന് സാധിക്കില്ലേ?.

"രതീഷേ എടാ രതീഷേ..."
ആരോ വിളിക്കുന്നത് കേട്ട് അയാൾ ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു.
"ഓ രാധാകൃഷ്ണനോ എന്താ?"
"ഒന്നുമില്ല നിന്നെ കാണാമെന്ന് വെച്ച് വന്നതാ"
രാധാകൃഷ്ണൻ മറുപടി പറഞ്ഞു.
"ഞാനേയ് ഒരു കഥയെഴുതാൻ തീരുമാനിച്ചു പക്ഷെ...."
"എന്താ പറയൂ"
"എന്നെക്കൊണ്ടതിന് സാധിക്കുന്നില്ല" സങ്കടം അടക്കിപ്പിടിച്ചുകൊണ്ട് രതീഷ് പറഞ്ഞു.
"നീ ഒരു കാര്യം ചെയ്യൂ. ഒരു ചായ കുടിച്ച് എഴുതാനിരിക്കു. എനിക്ക് തിരക്കുണ്ട്. എനിക്കൊന്ന് ആ രമേഷിന്റെ വീട് വരെ പോകണം"
ഇതും പറഞ്ഞ് രാധാകൃഷ്ണൻ അവിടെ നിന്ന് നടന്നകന്നു. രതീഷ് വീട്ടിനകത്തേക്ക് ചെന്ന് ഒരു ചായ മോന്തിക്കുടിച്ചു. തിരിച്ച് തന്റെ എഴുത്ത് മേശക്കരികിലെത്തി.'ഭഗവാനേ ലക്ഷ്യം സാധിപ്പിക്കണേ' എന്ന് മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് അയാൾ ചാരുകസേരയിലിരിന്നു. ജനൽ തുറന്ന് വെച്ചിരുന്നു. അയാൾ ജനാലയിലൂടെ പുറത്ത് മാനത്തേക്ക് നോക്കി. ആകാശത്ത് കാർമേഘക്കൂട്ടങ്ങൾ തിങ്ങിനിൽക്കുന്നു. ഒരു മന്ദ മാരുതൻ അയാളെ തഴുകിക്കൊണ്ട് അതിലൂടെ കടന്ന് പോയി. അയാൾക്ക് പെട്ടെന്ന് ഒരു ഊർജ്ജം ലഭിച്ചത് പോലെ തോന്നി. താൻ പാതിയെഴുതി വച്ച ആകടലാസെടുത്ത് തിരിച്ചും മറിച്ചും നോക്കി. കുറച്ച് സമയത്തേക്കയാൾ എന്തൊക്കെയോ കുത്തിക്കുറിച്ചുവെച്ചു.പിന്നീട്അഗാധമായ നിദ്രയിലേക്കയാൾവഴുതിവീണു.

കിഴക്ക് വെള്ള കീറി. സൂര്യൻ പടിഞ്ഞാറേക്ക് കുറച്ച് കൂടി സഞ്ചരിച്ചു. രതീഷ് എഴുന്നേറ്റില്ല. അയാളുടെ അമ്മ ഒരു കപ്പ് ചായയുമായി അയാളുടെ മുറിയിലേക്ക് ചെന്നു. അയാൾ അവിടെ ചാരുകസേരയിൽ തന്നെ ഇരുന്ന് ഉറങ്ങുന്നു. അയാളുടെ അമ്മ'പാവം

കഥയെഴുതാനിരുന്ന് ഉറങ്ങിപ്പോയി' എന്ന് മനസ്സിൽ പറഞ്ഞ് അയാളുടെ മേശക്കരികിലെത്തി. കപ്പ് മേശപ്പുറത്ത് വെച്ചു.എന്നിട്ട് തന്റെ മകനെ വളരെ സ്നേഹത്തോടെ വിളിച്ചു. രതീഷ് ഉണർന്നില്ല. അമ്മ വീണ്ടും വീണ്ടും തട്ടി വിളിച്ചു. എന്നിട്ടും എഴുന്നേൽക്കാതിരുന്നതിനാൽ, തന്റെ മകൻ മരണത്തിന് കീഴടങ്ങിയിരിക്കുന്നു എന്ന് മനസ്സിലാക്കിയ അമ്മ ഉച്ചത്തിൽ നിലവിളിച്ചു. അപ്പോൾ അയാൾ പാതിക്ക് വെച്ച്നിർത്തിയ കടലാസ് അവിടെ നിലത്ത് വീണ് കിടക്കുന്നുണ്ടായിരുന്നു. ............



========================



സബ്ജില്ലാ ഗെയിംസിൽ രണ്ടാം സ്ഥാനം നേടിയ ജൂനിയർ ബാസ്കറ്റ് -ബോൾ ടീം



ഒന്നാം സ്ഥാനം നേടിയ സബജൂനിയർ ബോൾ ബാഡ്മിന്റൺ ടീം



ശുഭം




chapparappadava higher secondary school2018-19
little kites Digital magazine,kannur,2270233.
Email cpdvhs@yahoo.com